# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **1493**

14/06/2013 - ൽ മറുപടി പറയേണ്ടിയിരുന്നത്

## കാലാവസ്ഥാ വ്യതിയാന പഠനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കാലാവസ്ഥാ വ്യതിയാന പഠനങ്ങൾ നടത്തുന്നതിന് കൃഷി വകുപ്പിന്റെ കീഴിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (എ) കാലാവസ്ഥാ വ്യതിയാന പഠനങ്ങൾ നടത്തുന്നതിനു വേണ്ടി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ അക്കാഡമി ഓഫ് ക്ലൈമറ്റ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച് എന്ന സ്ഥാപനം 2010 മുതൽ പ്രവർത്തിച്ചു വരുന്നുണ്ട്. ഇതിന്റെ ഭാഗമായി കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ചും അത് കാർഷിക മേഖലയിൽ ഉണ്ടാക്കിയേക്കാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ചും പഠനങ്ങൾ നടത്തി വരുന്നുണ്ട്. ഇതോടൊപ്പം തന്നെ ഈ വിഷയം കൈകാര്യം ചെയ്യുന്നതിനും പ്രാഗത്ഭ്യം നേടിയിട്ടുള്ളവരെ വാർത്തെടുക്കുന്നതിനും വേണ്ടി ഇന്റഗ്രേറ്റഡ് എം.എസ്.സി. ഇൻ ക്ലൈമറ്റ് ചെയ്ഞ്ച് എന്ന പാഠ്യപദ്ധതിയും നടപ്പാക്കി വരുന്നുണ്ട്. |
| (ബി) പ്രസ്തുത പഠന റിപ്പോർട്ടുകൾ കർഷകരെ അറിയിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ വെളിപ്പെടുത്തുമോ ;<br>(സി) കാലാവസ്ഥാ വ്യതിയാനം മുന്നിൽ കണ്ട് 2011 മുതൽ എന്തെല്ലാം മുന്നറിയിപ്പുകൾ കൃഷിക്കാർക്ക് നൽകിയിട്ടുണ്ട് ? | (ബി) യും (സി) യും കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രങ്ങളിൽ നിന്നും (പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം ഒഴികെ) ഹോർട്ടിക്കൾച്ചർ കോളേജിൽ നിന്നും ആഴ്ച്ചയിൽ രണ്ടു തവണ കർഷകർക്ക് നൽകുന്ന കാലാവസ്ഥാ ബുള്ളറ്റിനുകളിൽ ഇത്തരം വിവരങ്ങളും കർഷകർ പാലിക്കേണ്ട മുൻകരുതൽ നടപടികളും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ